രക്ഷിക്കുന്നതിനുള്ള ചുമതല ഗവണ്മെണ്ടിനുള്ളതുകൊണ്ട് വസ്ത്രവിതരണം ചെയ്യുന്ന കാര്യത്തിൽ മിക്കപ്പോഴും അനുഭോക്താക്കളുടെ സൌകര്യം നോക്കുന്നതിനു് ഗവണ്മെണ്ടിനു സാധിക്കാതെ വരുന്നുണ്ടെന്നു് ഗവണ്മെണ്ടുതന്നെ സമ്മതിക്കുന്ന ഒരു കാര്യമാണു്. പുതിയതായിട്ടുള്ള ഒരു കച്ചവടം ആരംഭിക്കുവാൻ പോകയാണെങ്കിൽ, അതിനുള്ള അപേക്ഷ കൊടുക്കുകയാണെങ്കിൽ, ഗവണ്മെണ്ടിൽനിന്നും അതിനു കിട്ടുന്ന മറുപടി യുദ്ധത്തിനുമുമ്പു് വസ്ത്രം കച്ചവടം ചെയ്തിരുന്നുവൊ, ഉണ്ടെങ്കിൽ യുദ്ധത്തിനുമുമ്പു് ഒരു മൂന്നാലു കൊല്ലത്തെ കണക്കുകൂടി ഹാജരാക്കാൻ സാധിക്കുമൊ, അന്നു് എത്ര ഉടുപ്പികയ്ക്കാണു് മിൽത്തുണികൂടി എടുത്തിരുന്നതു്, അതു് ഏതെല്ലാം മില്ലുകളിൽനിന്നാണു് എന്നെല്ലാമുള്ള ചില ചോദ്യങ്ങളായിരിക്കും. യുദ്ധത്തിനുമുമ്പു് കച്ചവടം ചെയ്തിരുന്നില്ല, ഇപ്പോൾ ചെയ്യണമെന്നാണു് വിചാരിക്കുന്നതു് എന്നു പറഞ്ഞുപോയാൽ ആ ആളുക്കു് കച്ചവടത്തിനുള്ള അനുവാദം ഗവണ്മെണ്ടിൽനിന്നും കിട്ടുകയില്ലെന്നുള്ളതു് തീർച്ചയാണു്. ഗവണ്മെണ്ടു് ഇതുവരെ പർമിറ്റു കൊടുത്തിട്ടുള്ളതു് യുദ്ധത്തിനുമുമ്പു് കച്ചവടം ചെയ്തിട്ടുള്ള ആളുകൾക്കാണു്. അതു് മൊത്തക്കച്ചവടമായാലും വേണ്ടില്ല, ചില്ലറക്കച്ചവടമായാലും വേണ്ടില്ല, മറ്റാർക്കും പർമിറ്റു് കൊടുക്കുകയില്ലെന്നാണു് എന്റെ അറിവു്. മുഴുവൻ ശരിയല്ലായിരിക്കാം. അതും യുദ്ധത്തിനുമുമ്പു് കളക്ടു് ചെയ്തിരുന്ന ചരക്കുകളുടെ വില ഏതാണ്ടു കണക്കാക്കി, അതിനു് ശരിയായ വിധത്തിലുള്ള ഒരു കമ്മട്ടയാണു് അനുവദിച്ചിട്ടുള്ളതെന്നുമാണു് എന്റെ അറിവു്. യുദ്ധത്തിനുമുമ്പു് നാട്ടിൻപുറങ്ങളിൽ വസ്ത്രക്കച്ചവടം ചെയ്തിരുന്ന കച്ചവടക്കാർ അന്നു് അപൂർവ്വമായിരുന്നു. ഇല്ലെന്നുതന്നെ പറയാം. മിക്ക മൊത്തക്കച്ചവടക്കാരും, ചില്ലറ കച്ചവടക്കാരും നഗരങ്ങളിലാണു് ഈ കച്ചവടം നടത്തിക്കൊണ്ടിരുന്നതു്. അതുകൊണ്ടു് യുദ്ധം നടന്നുകൊണ്ടിരുന്നകാലത്തും, യുദ്ധത്തിനുശേഷവും വസ്ത്രം വിതരണം ചെയ്യുന്ന കാര്യത്തിൽ വാണിജ്യസരണികളെ ഭംഗപ്പെടുത്താതിരിക്കാനുള്ള ആ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തി പർമിറ്റു് കച്ചവടക്കാക്കു കൊടുക്കുമ്പോൾ ആ പർമിറ്റു് എല്ലാം നഗരങ്ങളിലുള്ള കച്ചവടക്കാക്കു ലഭിക്കുന്നതിനും, തുണികളെല്ലാം നഗരങ്ങളിലായിത്തീരുന്നതിനും ഇടയായിട്ടുണ്ടു്. അതുകൊണ്ടാണു് വസ്ത്രവിതരണം ചെയ്യുന്നകാര്യത്തെക്കുറിച്ചു് ധാന്യവിതരണം ചെയ്യുന്ന ആ വകുപ്പു് ഏറെറടുത്തപ്പോൾ നാട്ടിൻപുറങ്ങളിലുള്ള കാർഡു് ഹോൾഡേഴ്സു് നഗരങ്ങളിൽനിന്നു മേടിക്കുന്നതിനുള്ള പർമിറ്റുകൾ ഗവണ്മെണ്ടിനു കൊടുക്കേണ്ടിവന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഒരു നയത്തിൽനിന്നു വ്യതിചലിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഗവണ്മെണ്ടിനു് എത്രത്തോളമുണ്ടെന്നു് ഒന്നുകൂടി വ്യക്തമാക്കിയാൽ തരക്കേടില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, വസ്ത്രവിതരണത്തെ സംബന്ധിച്ചു് ഒരു സംഗതി മാത്രമെ പറയാൻ സാധിക്കുകയുള്ളു. ക്ലോത്തു്റേഷൻ പ്രോഡക്ടു് ഫൻർ, ഫൻർ, ഫൻർ എന്നീ കൊല്ലങ്ങളിൽ കച്ചവടം ചെയ്തിരുന്നതു് എത്രമാത്രമായിരുന്നുവൊ, ആ തോതു് അനുസരിച്ചു് അവക്കു് കൊടുക്കാനാണു് ഗവണ്മെണ്ടു് ഉത്തരവായതു്. അതിനെ നിയന്ത്രിക്കുന്നതിനു് ടെക്സ്റ്റൈൽ കൺട്രോളർ ആയതിനാൽ അവിടെ പാസ്സാക്കുന്നതനുസരിച്ചാണു് ഈ കൊച്ചിയിലും പ്രവർത്തിക്കുന്നതു്. Wholesale quota നിശ്ചയിക്കുന്നതു് അതനുസരിച്ചാണു്.

മിസ്റ്റർ പി. നാരായണമേനോൻ: ചില്ലറ കച്ചവടക്കാരുടേയൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവർ എത്ര സംഖ്യയുടെ കച്ചവടം ചെയ്തിരുന്നുവൊ ആ തോതനുസരിച്ചാണു കൊടുക്കുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബോമ്പെയിൽ നിന്നല്ലെ ഈ കമ്മട്ട അനുവദിക്കുന്നതു്? Cloth Rationing Order അനുസരിച്ചു ടെക്സ്റ്റൈൽസ്സു കമ്മീഷണർക്കാണൊ ഇതിനെ സംബന്ധിച്ചു അധികാരം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ കെ. ഐ. വേലായുധൻ: മുമ്പു കച്ചവടം ചെയ്തിരുന്നവർക്കു മാത്രമെ കൊടുക്കുവാൻ പാടുള്ളു എന്നു് അതിൽ പറഞ്ഞിട്ടുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉവ്വു്.

മിസ്റ്റർ എം. ഒ. തോമസ്സുട്ടി: കമ്മട്ടയുടെ വീതമനുസരിച്ചു അതു വിതരണം ചെയ്യുന്ന അവസരത്തിൽ അവർക്കാണു കൂടുതൽ അർഹത എന്നുള്ളതല്ലെ ഇതിന്റെ തത്വം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു ഇവിടെനിന്നു തീരുമാനിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: ഈ നയം ഗവണ്മെണ്ടിനു ഭേദപ്പെടുത്തുവാൻ വഴിയുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഭക്ഷണസാധനങ്ങളല്ല വസ്ത്രമാണ് യഥാർത്ഥത്തിൽ പരസ്പരസഹായസംഘങ്ങളെ എല്പിക്കേണ്ടതു് എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ധാന്യങ്ങളും അന്നന്നു് ഉപയോഗിക്കേണ്ടതായ ആവശ്യമാകയാൽ Cardholders അതു വാങ്ങാതെയിരിക്കുകയില്ല. എന്നാൽ വസ്ത്രമാണെങ്കിൽ ഒരിക്കൽ വാങ്ങിയാൽ കുറെ അധികം കാലത്തേക്കു വാങ്ങാതാരിക്കാൻ സാധിക്കും. അതുകൊണ്ടു എല്ലാവക്കും ശരിയായി കിട്ടേണ്ട ഒരു സാധനമാണ് വസ്ത്രം എന്നുള്ളതിനാൽ വസ്ത്രവിതരണമാണ് പ്രധാനമായി പരസ്പരസഹായസംഘങ്ങളെ എല്പിക്കേണ്ടതു്. അങ്ങിനെ എല്പിക്കുകയാണെങ്കിൽ ഈ പരാതികളൊന്നും ഉണ്ടാവുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. അതു ഗവണ്മെണ്ടിനു ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞതുകൊണ്ടു് അതിനെക്കുറിച്ചു കൂടുതലായി ഒന്നും പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: Whole-salers-നെസംബന്ധിച്ചാണു ഞാൻ പറഞ്ഞതു്. Retailers-നെ സംബന്ധിച്ചു പറയുകയുണ്ടായില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പരസ്പരസഹായസംഘങ്ങളെ എല്പിക്കുന്നതിനു് ഒരുക്കമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: Whole-salers-നെ സംബന്ധിച്ചു നിബ്ബന്ധപൂർവ്വം മുമ്പുണ്ടായിരുന്നവക്കേ കൊടുക്കാൻ പാടുള്ളൂ എന്നാണു നിശ്ചയം. Retailers-നെ സംബന്ധിച്ചിടത്തോളം ആദ്യം പറഞ്ഞ തോതനുസരിച്ചാണ് കൊടുക്കുന്നതു്. അവരുടെ ലൈസൻസ് കാൻസൽ ചെയ്യേണ്ടിവരുകയാണെങ്കിൽ അതിനു് ഈ നിയമം ബാധകമല്ല. അത്രത്തോളം ഇതിൽ സൌകര്യം ചെയ്യാം.

മിസ്റ്റർ പി. നാരായണമേനോൻ: കാര്യങ്ങളൊന്നും മനസ്സിലാക്കാൻ സാധിച്ചില്ല. മൊത്തക്കച്ചവടക്കാരെന്നും, ചില്ലറക്കച്ചവടക്കാരെന്നും ഇങ്ങിനെ രണ്ടു് ഇനമുണ്ടു്. ഇപ്പോഴുള്ള രണ്ടുകൂട്ടരുടേയും പർമിറകും പ്രകാരമുള്ള കാട്ട കാൻസൽചെയ്യാ, അല്ലെങ്കിൽ ഏതെങ്കിലും ഒരിനക്കാരുടെ കാട്ട കാൻസൽചെയ്യാ അതു പരസ്പരസഹായസംഘങ്ങളെ എല്പിക്കുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഗവണ്മെണ്ടിനു മുഴുവൻ അധികാരമില്ല. Whole-salers നെ സംബന്ധിച്ചു ഒന്നും ചെയ്യാൻ നിവൃത്തിയില്ല. Retailers-നു് പുതിയതായിട്ടു ചിലർക്കു കാട്ട കൊടുത്തു പർമിറ കൊടുക്കുന്നുണ്ടെങ്കിൽ അതിനു് ഇതൊന്നും ബാധകമല്ല. അവരുടെ കാട്ടയിൽ അല്പമായ മാറ്റങ്ങളും വരുത്തുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: Retailers-നു് കാട്ട കൊടുക്കുന്നതു മാറ്റാൻ ഗവണ്മെണ്ടിനധികാരമില്ല എന്നാണൊ പറയുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എന്നു ഞാൻ പറഞ്ഞില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പരിപൂർണ്ണമായ അധികാരം ഗവണ്മെണ്ടിനല്ലെ എന്നു ഞാൻ ചോദിക്കുന്നു. അതിനുത്തരമുണ്ടെങ്കിൽ പറഞ്ഞാൽകൊള്ളാം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അല്ല എന്നു ഞാൻ പറഞ്ഞില്ല. ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗാഢമായി ആലോചിച്ചു് അതു് നിബ്ബന്ധിക്കണമെന്നുള്ള മറുപടിയാണു് ചോദിയ്ക്കുന്നതെന്നു് മനസ്സിലാക്കേണ്ടതാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ബഹുമാനപ്പെട്ട മെമ്പർ ഉച്ചത്തിൽ പറയുന്നുവെങ്കിലും കാര്യം മനസ്സിലാക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വളരെ സന്തോഷമായി, എന്റെ ശബ്ദം ഉച്ചത്തിലായെങ്കിലും മറുപടി പറഞ്ഞുവല്ലോ.

മിസ്റ്റർ പി. നാരായണമേനോൻ: എനിക്കു് ഇനി ഒരു നിർദ്ദേശം തരാനുണ്ടു്. അതിനു് ഒരു സംശയംകൂടി തീർത്തിട്ടുവേണം. മദ്രാസ്സ്സംസ്ഥാനത്തിൽ ഒരാൾക്കു കിട്ടുന്നതുതന്നെ തുണിയിവിടെ ഒരാൾക്കു അനുവദിച്ചിട്ടുണ്ടോ? ഇവിടെ അനുവദിച്ചിട്ടുള്ളതു ഫാമിലി യൂ

LIBRARY ARCHIVES Kerala Legislative Assembly

ണിയാണ്. ഈ പത്തുവാരയിൽ ഇവിടത്തെ കൈത്തറികളും, ഇവിടത്തെ മില്ലുകളും ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങളൊഴിച്ചു ബാക്കിയുള്ള കപ്പാട്ട സെൻടൽ ഗവണ്മെണ്ടു നമുക്കു തരുന്നു എന്നാണ് ഞാനറിയുന്നതു്. അതു് ശരിയാണൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടെ ൪ ൦ ൦ ബെയിൽ മാസംതോറും സീതാറാം കമ്പനിയിൽനിന്നും, Hand-loom ൨ ൦ ൦ ബെയിലും, ഏറ ബെയിൽ സൂപ്പീരിയർ ക്ലോത്തുമാണ് നമുക്കു കിട്ടുന്നതു്. ചിലസമയത്തു കൂടുകുറഞ്ഞു എന്നുവരാം. ചിലപ്പോൾ കൂടുതൽ കിട്ടി എന്നും വരാം.

മിസ്റ്റർ പി. നാരായണമേനോൻ: ആ പത്തുവാരയിൽ നിന്നും ഇവിടെ ഉണ്ടാക്കുന്ന വസ്ത്രങ്ങൾ കഴിച്ചിട്ടു ബാക്കിവരുന്നതു നമുക്കു തരുക, അങ്ങിനെയാണൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഫൻർ ൧-ലെ സെൻസസ്സുപ്രകാരം ആണു് ൧ ൦ വാര എന്നു് പറയുന്നതു്. പന്നീടു് അതു് ൭½ വാരയാക്കി. അതായതു് ൮½ വാര സാധാരണ, സൂപ്പീരിയർ ൧½ വാര, ൨ വാര Hand-loom അങ്ങിനെയാണ്.

മിസ്റ്റർ പി. നാരായണമേനോൻ; മദ്രാസ്സിൽ ൧ ൦ വാരയും, ഇവിടെ ഈ ൭½ വാരയും ആകാൻ വല്ല പ്രത്യേകകാരണവുമുണ്ടൊ?

No Answer.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതിൽ കൂടുതൽകിട്ടുവാൻ വല്ലതും ചെയ്തിട്ടുണ്ടൊ?

മസ്റ്റർ സി. ആർ. ഇയ്യുണ്ണി: എഴുത്തുകുത്തുകൊണ്ടനടത്തീട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മദ്രാസ്സു് സംസ്ഥാനത്തിൽ ൧ ൦ വാരകിട്ടുന്നുണ്ടെന്നുപറഞ്ഞതു് ഈ തരത്തിലാണ്. അതായതു്; മദ്രാസ്സു് സംസ്ഥാനത്തും കൊച്ചിരാജ്യത്തും, എല്ലാരാജ്യത്തും allotment ചെയ്യുന്നതു് ഈ തോതനുസരിച്ചാണ്. ഓരോരാജ്യത്തുംഇന്നിന്ന ഭാഗങ്ങളിൽ നിന്നു് തുണിവാങ്ങിക്കണമെന്നുണ്ടു്. ഒരു മാസം ഇത്ര ബെയിൽ തുണിയെന്നുണ്ടു്. ഈ allot ചെയ്യുടത്തോളം തുണി ഒരു jurisdiction ലും കിട്ടുക പതിവില്ല. കിട്ടുവാൻ വഴിയുള്ള തുണിയുടെ കണക്കനുസരിച്ചാണു് മദ്രാസ്സിൽ ൧ ൦ വാര എന്നു് പറയുന്നതു്. ഇവിടെ കൊച്ചിയിൽ പ്രധാനമായി വാങ്ങേണ്ടതു് സീതാറാം മില്ലിൽ നിന്നാണ്. ബാക്കിയുള്ളതു് പുറമെനിന്നും കിട്ടും. അതുപോലെതന്നെയാണു് നൂലിന്റെ കാര്യവും. ഇന്ത്യാഗവണ്മെണ്ടിന്റെ ടെക്സ്റ്റൈൽസ് കമ്മീഷണർ എന്ന ഒരു ഉദ്യോഗസ്ഥനുണ്ടു്, അദ്ദേഹവും മദ്രാസ്സു് ഗവണ്മെണ്ടിന്റെ പ്രൊവിൻഷ്യൽടെക്സ്റ്റൈൽസ് കമ്മീഷണർ എന്ന ഒരു ഉദ്യോഗസ്ഥനുമായി നടത്തിയഎഴുത്തുകുത്തുപ്രകാരവും ഈ നാട്ടിൽ ജനങ്ങളുടെ ഉപയോഗക്രമമനുസരിച്ചു പ്രത്യേകിച്ചും കൂടുതൽ pro-ration ആയിട്ടു് വിട്ടുകിട്ടണമെന്നും പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഖദറു് വളരെ ശീഘ്രതയിൽ ചെയ്യുകുടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ വേണ്ടസമയത്തു് ശീഘ്രതയിൽ പ്രവർത്തിച്ചിട്ടുണ്ടു്.

മിസ്റ്റർ പി നാരായണമേനോൻ: ഇപ്പോൾ ഇതുകൊണ്ടു് ഒരാൾക്കു ൭½വാരവസ്ത്രം ഉണ്ടെന്നുവരണം വിചാരിക്കുവാൻ. എന്നാൽ ൮½വാരയാണു് ഒരാൾക്കു ഇപ്പോൾ കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്. ബാക്കിയുള്ള വസ്ത്രങ്ങൾ കൂടുതലാവശ്യമുള്ളവർക്കു വേണ്ടിമാറ്റിവെച്ചിരിക്കുകയാണോ; അതോ മേൽത്തരം വസ്ത്രം മാത്രം ധരിക്കുന്ന ആളുകൾക്കു വേണ്ടിമാറ്റിവെച്ചിരിക്കുകയാണൊ? എന്താണു് ചെയ്തിരിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഹാൻറലൂം ക്ലോത്തു് കിട്ടുന്നതാണു്. മറ്റുള്ളതിനൊക്കെ പർമിറ്റു് വേണം.

Mr P. Kumaran Ezhuthassan: *(Vadakkanchery)* I shall like to know whether encouragement of nudism will be an effective remedy for these difficulties.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെയാണു് വേണ്ടതെന്നു വെച്ചാൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ പി. നാരായണമേനോൻ: ഹാൻറലൂമിന്നു് പർമിറ്റില്ല. അതു് എത്രവേണമെങ്കിലും വാങ്ങിക്കാം. ഈകാര്യത്തിൽഞങ്ങൾക്കു് ഒരു നിർദ്ദേശം തരുവാനുണ്ടു്. ഹാൻറലൂമിന്റെ വിലയുംകൂടി കൺട്രോൾ ചെയ്തിട്ടു ഓരോവ്യക്തിക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുണി ൭½വാരവീതം കിട്ടത്തക്കവിധത്തിൽ വ്യവസ്ഥചെയ്യണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇപ്പോൾ പർമിറ്റുപ്രകാരം നാലരവാരവീതം കൊടുക്കുവാൻ അനുവദിച്ചിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു് കാർഡുപ്രകാരമാണു് അനുവദിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: നാലരവാര കാർഡുപ്രകാരവും രണ്ടുവാര സ്പെഷ്യൽ പർമിറ്റു പ്രകാരവും അനുവദിച്ചിട്ടുണ്ടെന്നു് പറഞ്ഞു. ഹാൻറലും രണ്ടു വാരയും വാങ്ങിക്കുവാൻ വിരോധമില്ലെന്നു് പറഞ്ഞു. അപ്പോൾ ഹാൻറലും ഇതിൽ കൂട്ടേണ്ടതായ ആവശ്യമെന്താണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു് കൂട്ടേണ്ടതായ ആവശ്യമില്ല. അതു് കൺട്രോൾ ചെയ്യണമെങ്കിൽ അതിനും വിരോധമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഹാൻറലും ക്ലോത്തിനു് ഗവമ്മെണ്ടിൽനിന്നും വിലനിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അപ്പോൾ അതു് എന്തുവിലക്കു വേണമെങ്കിലും വില്ക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ഹാൻറലും പ്രൊഡക്ഷനു് പ്രോത്സാഹനം ചെയ്യു് അതു് കൺട്രോൾചെയ്യാൽ തന്നെയും നല്ല വസ്ത്രങ്ങൾ കൂടുതൽ കിട്ടാതെ കഴിയുകയില്ലെന്നുള്ള അഭിപ്രായക്കാരുണ്ടു്. അതു് അത്യാവശ്യമാണു്. അവരുടെ ദിനകൃത്യംനിർവ്വഹിക്കുന്നതിനുപോലും വസ്ത്രങ്ങൾ കൂടുതൽ അത്യാവശ്യമാണു്. അങ്ങിനെയുള്ള ആളുകളുമുണ്ടു്. അതിൽ ഒന്നു് കുസ്തൻ ചാച്ചിലുള്ള അച്ചന്മാരാണു്. അവർ ഒരിക്കൽ കൊച്ചിഗവമ്മെണ്ടിനു് ഒരു മെമ്മോറിയൽ സമർപ്പിച്ചുവെന്നു് കേൾക്കുകയുണ്ടായി. അങ്ങിനെയുള്ള ആളുകൾക്കും നേഴ്സിനും വസ്ത്രങ്ങൾ കൂടുതൽ ആവശ്യമുള്ളവക്കെല്ലാം കിട്ടത്തക്കവിധത്തിൽ ഒരു വ്യവസ്ഥചെയ്യുക. മറവുള്ളവക്കു് കുറച്ചാലും വിരോധമില്ല. ഏഴരവാരയാണല്ലൊ ഒരാൾക്കു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. അതിൽ ഇപ്പോൾ നാലരവാരയാണു് കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. എന്നാൽ ഇങ്ങിനെ അപൂർവ്വം ചിലക്കുമാത്രം വസ്ത്രങ്ങൾ കൂടുതൽ കൊടുക്കണമെന്നുള്ള അഭിപ്രായവും എനിക്കില്ല. വല്ലതും മുന്നോ, ഒന്നരയോ വാര കൂടുകയാണെങ്കിൽ അതു് സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനു് Special ആയിട്ടു കൊടുക്കുവാനുള്ള അധികാരം ഡയറക്ടർക്കുണ്ടു്. അതു പോരായെന്നുണ്ടെങ്കിൽ അതിലേക്കു് ഒരു ലിസ്റ്റു് തയ്യാറാക്കി തരികയാണെങ്കിൽ അങ്ങിനെപ്രവർത്തിക്കുവാനും വിരോധമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ലിസ്റ്റു് തയ്യാറാക്കിതരുവാനും വിരോധമില്ല. ഇപ്പോൾ ഇതു് പരസ്പരസഹായസംഘങ്ങളെ ഏല്പിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളകാര്യം വ്യക്തമായി. മൊത്തക്കച്ചവടക്കാരുടേയും, ചില്ലറക്കച്ചവടക്കാരുടേയും കച്ചവടം നിവൃത്തുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു ഞാൻ പറഞ്ഞതു് ആ കാര്യത്തിൽ പരിശ്രമിക്കേണ്ടതായആവശ്യമില്ലായെന്നു്. ഗവമ്മെണ്ടിന്റെനയം അങ്ങിനെ വരുന്നിടത്തോളം കാലം അതിനെപ്പറ്റിപറയേണ്ടതായ ആവശ്യമില്ല. മദ്രാസ്സ് സംസ്ഥാനത്തിൽ ആളൊന്നുക്കു് പത്തുവാരയാണു് കണക്കാക്കീട്ടുള്ളതെങ്കിൽ അത്രയുംവാര നമുക്കും കിട്ടത്തക്കവിധത്തിൽ കമ്മാട്ടാകിട്ടുന്നതിനു് വേണ്ടതായ പരിശ്രമങ്ങൾ ചെയ്യേണ്ടതാണു്. ഇതാണു് രണ്ടാമത്തെ നിർദ്ദേശം. മൂന്നാമത്തെ നിർദ്ദേശം കൈത്തറികളിൽ ഉണ്ടാക്കുന്ന വസ്ത്രങ്ങൾ മുഴുവനും ഗവമ്മെണ്ടു കൺട്രോൾചെയ്യുക. അതും ഈ കൂട്ടത്തിൽതന്നെ കാർഡനുസരിച്ചു് കച്ചവടംചെയ്യുക. അങ്ങിനെ ചെയ്താൽ നാലു വാരയുള്ളതു് ആറോ, ഏഴോ, വാരയായി വർദ്ധിപ്പിക്കുവൻ സാധിക്കും. പിന്നെ മറ്റൊരു നിർദ്ദേശം, കൂടുതൽ വസ്ത്രം അത്യാവശ്യമായിട്ടുള്ള ആളുകൾക്കു കൂടുതൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യണം. ഇത്രയും സംഗതികളെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. വളരെ ദൂരം സഞ്ചരിച്ചുവേണം വസ്ത്രം വാങ്ങിക്കുവാൻ. ചിലപ്പോൾ പീടിക തുറക്കാതിരിക്കുക. അങ്ങിനെ വസ്ത്രം വാങ്ങിക്കുവാൻ സാധിക്കാതെവരിക, ഈവക കാരണങ്ങളൊന്നും നിർത്തുവാൻ സാധിക്കുമെന്നു് തോന്നുന്നില്ല. ഇതിനുള്ള കാരണം ഇന്നുള്ള മൊത്തക്കച്ചവടക്കാരുടേയും, ചില്ലറ കച്ചവടക്കാരുടേയും കച്ചവടം നിർത്തി, ഓരോ വില്ലേജിലും പരസ്പരസഹായസംഘങ്ങൾക്കു് ഏല്പിക്കുന്നതിനുള്ള അധികാരം ഇല്ലാത്തുകൊണ്ടണു്. ആവഴിയിൽ ആളുകൾക്കു് രക്ഷനേടുവാൻ മാർഗ്ഗമില്ലെന്നു കാണുന്നതുകൊണ്ടു് അതിനെക്കുറിച്ചൊന്നും പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: മിസ്റ്റർ പ്രസിഡണ്ട്, സർ, വാസ്തവത്തിൽ കുറച്ച് അധികനേരം ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചാൽ കൊള്ളാമെന്ന വിചാരിച്ചിരുന്നു. അതു് മുങ്ങിയനേരംകൊണ്ട് കഴിക്കേണ്ടതായിട്ടാണിരിക്കുന്നതു്. എനിക്കു് ഇപ്പോഴത്തെ സമ്പ്രദായത്തിൽ വളരെ സന്തോഷമുണ്ട്. കാരണം ഈ സമ്പ്രദായം ഉണ്ടായ ഉടനെ കച്ചവടക്കാർ പറയുകയുണ്ടായി ആകപ്പാടെകൂടി വളരെ വിഷമമായിയെന്നു്! ഇതിനെക്കുറിച്ചു് എന്റെ സ്നേഹിതനെന്നനിലയിൽ ഒരു കച്ചവടക്കാരൻ എന്നോടു പറഞ്ഞതു്, ഇതുവരെ നടന്നിരുന്നതു് എങ്ങിനെയാണെന്നുവെച്ചാൽ ഞങ്ങൾക്കു റിസ്റ്റർവ്ഡ് ചരക്കുകൾ കിട്ടും; ആയിരം ഉറുപ്പികയുടെ ചരക്കുകൾ കിട്ടും; കുറഞ്ഞതു പത്തു പെർസ്സന്റു് ലാഭായവും കിട്ടും എന്നു്. പിന്നെ ഹാൻഡ്ലും ചരക്കു് വെറുതെ കൊണ്ടുവച്ചാൽ പോരാ. വിശേഷാൽ കല്യാണത്തിന്നും മറ്റും ആരെങ്കിലും തുണി വാങ്ങിക്കുവാൻ വരികയാണെങ്കിൽ നാലു കസവുമുണ്ട വേണം, അറ പുളിയിലക്കരമുണ്ട വേണം എന്നൊക്കെ ആവശ്യപ്പെട്ടാൽ. അങ്ങിനെവരുന്ന ആൾക്കു് ഏകദേശം ൨ ൦ ൦ ക. യുടെ ചരക്കു വേണം. അയാൾ ആ ചരക്കുകൾ എടുക്കണമെങ്കിൽ അരകുത്തു മൽമലും, ജഗന്നാഥനുംകൂടിവേണം. അതു കൊടുത്താൽ മാത്രമെ അയാൾ എല്ലാ ചരക്കുകളും എടുക്കുകയുള്ളു. അപ്പോൾ മൽമലും, ജഗന്നാഥനും ബ്ലാക്കുമാക്കറ്റിൽ വില്ക്കുവാൻ ഉണ്ടാക്കിവച്ചിട്ടുവേണം ൨ ൦ ൦ ക. യുടെ ഹാൻഡ്ലും കൊടുത്തു് ആദായം ഉണ്ടാക്കുവാൻ. ഈവിധത്തിലുള്ള സമ്പ്രദായമാണു് നടന്നിരുന്നതു്. കാർഡുസിസ്റ്റംവെച്ചപ്പോൾ കുറച്ചു വിഷമമുണ്ടെന്നു് പ്രോഛ്യമായിട്ടുണ്ടു്. ഇപ്പോൾ ഇതുകൊണ്ടു മറ്റു വിദ്യകളൊന്നും സാധ്യമല്ല. ആദ്യം നടന്നിരുന്നതു് തുണി ആവശ്യമില്ലാത്തവരുടെ കാർഡ് വാങ്ങിച്ചുവെച്ചു് പതിച്ചുകൊടുക്കാറാണു പതിവു്. പക്ഷെ, ഇനി അതൊന്നും നടക്കുകയില്ല. ഇതു് വലിയൊരു അഭിനന്ദനത്തെ അർഹിക്കുന്നതാണെന്നു് പറയാതെ തരമില്ല.. നാലരവാരയ്ക്കു് ആ നാലരവാരതന്നെ കിട്ടുമെന്നുള്ളതാണു് ഒരാശ്വാസം. ഇപ്പോൾ ഉള്ളതു കിട്ടുമെന്നുള്ളതു് തീർച്ചയാണു്. പക്ഷെ, ഈ കാര്യത്തിൽ ഗവമ്മെണ്ടു് പറയുന്നു, ഈ കൗൺസിലിന്നു് എന്താണു് സജ്ജഷൻ ഉള്ളതു് എന്നുണ്ടെങ്കിൽ തരികയെന്നു്. എനിക്കു് ഗവമ്മെണ്ടിനോടു് പറയുവാനുള്ളതു് ഗവമ്മെണ്ടിന്റെ പഴയ സമ്പ്രദായമൊക്കെ മാറികഴിഞ്ഞു എന്ന ധരിക്കണമെന്നാണു്. ഒരു ജനകീയഗവമ്മെണ്ടാണു് ഇവിടെയിരിക്കുന്നതു്. അതോടുകൂടി ചില കാര്യങ്ങളിൽ ചില മാറ്റങ്ങൾ വരുത്താനുണ്ടു്. മുമ്പു് അലവൻസ്സുകിട്ടാൻവേണ്ടി ഇറിഗേഷൻകമ്മിറ്റിയെന്നും, ഫുഡ് അഡൈവസറികമ്മിറ്റിയെന്നുമൊക്കെയുള്ള ചില കമ്മിറ്റികളുണ്ടാക്കാറുണ്ടു്. അതു് ഇപ്പോഴുമുണ്ടു്. ആ കമ്മിറ്റികളിലുള്ളവരുടെ നല്ല നല്ല സജ്ജഷൻസുണ്ടെങ്കിലും, അതിനൊക്കെ മറുപടി എഴുതി അയക്കുന്നതും അതു കാണലുമൊക്കെ Record clerk മാത്രമായിരിക്കും. ആ സമ്പ്രദായം ഇന്നും ഉണ്ടു്. ഇന്നും അതു് നിലനില്ക്കുന്നുണ്ടെന്നു് പറയേണ്ടിവന്നതു് വളരെ പരിതാപകരമാണെന്നു് പറയാതെ തരമില്ല. സജ്ജഷൻ ഇല്ലെന്നു പറഞ്ഞാൽ അഭിനന്ദനത്തോടുകൂടി പറയുന്നു, അതു് എവിടെ വേണമെങ്കിലുംവെച്ചു് പരിശോധിക്കുവാൻ തയ്യാറാണു് എന്നു്! മകുന്ദപുരം താലൂക്കിലെ താലൂക്ക് ഫുഡ് അഡൈവസറികമ്മിറ്റിയും ടൌൺ അഡൈവസറികമ്മിറ്റിയും വസ്ത്രവിതരണസമ്പ്രദായത്തെപ്പറ്റി വളരെ നേരം ആലോചിച്ചു്, തലച്ചോറു് ഉപയോഗിച്ചു് ഒരു സ്കീം ഉണ്ടാക്കി ഗവമ്മെണ്ടിന്നു് അയച്ചിട്ടുണ്ടു്. അതിൽ ഞങ്ങൾ വളരെ കാര്യങ്ങൾ ചേർത്തിട്ടുണ്ടു്. ഈ കാര്യത്തിൽ ഒരു എക്സ്പ്പർട്ടിനെ വിളിച്ചാലും ഗുണകരമായി കാണുവാൻ സാധിക്കാവുന്ന പരിപാടികളാണു് അതെന്നു ഞാൻ പറയുന്നു. സജ്ജഷൻസ്സുണ്ടു്; അതു സ്വീകരിച്ചിട്ടില്ല; അതിന്നു മറുപടി കിട്ടിട്ടില്ല. ഇപ്പോൾ ഇതിനെ സംബന്ധിച്ചു് വലിയ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ടു്. ഞാൻ എന്റെ ബുദ്ധിയിലുള്ള ഒരു വഴി പറയാം. ആദ്യം ഇവിടത്തെ സീതാറാംമില്ലിൽനിന്നും, കോയമ്പത്തൂക്കും, മദ്രാസ്സിലേക്കും ചരക്കുകൾ അയച്ചിരുന്നു. ഇപ്പോൾ ആളുകൾക്കു് ചരക്കു കിട്ടാതെ വന്നാലും തന്നെ കമ്പനിക്കാർക്കു് കമ്മീഷൻ കിട്ടുന്ന എർപ്പാടുണ്ടു്. ൨ ൦ ൦ ബെയിൽ ചരക്കു് കോയമ്പത്തൂരിലേക്കു് അയക്കാറുണ്ടു് എന്നു വെക്കുക. അതിന്നു് അയക്കുന്നില്ലെങ്കിലും എന്തു കമ്മീഷൻ അവർക്കു കിട്ടുമെന്നുണ്ടെങ്കിൽ ആ കമ്മീഷൻ ഇന്നും കമ്പനിയിൽനിന്നു അവർക്കു കൊടുക്കുന്നുണ്ടു്. അങ്ങിനെയുള്ള ഒരു സമ്പ്രദായമാണു് നടക്കുന്നതു്. അതിന്നൊരു ടെക്നിക്കൽ പേരുണ്ടു്. Diverted Quota എന്നാണു് അതിന്റെ പേർ. ഇപ്പോൾ കാട്ട വീതിച്ചുകൊടുക്കുകയാണു്. ഇങ്ങിനെ വീതിച്ചുകൊടുക്കുന്ന ഡൈവർട്ടഡ് കാട്ടാ, കോ-ഓപ്പറേറ്റീവു് സൊസൈറ്റിക്കു് കൊടുക്കുക. ഇല്ലാത്തിടത്തു വ്യക്തികൾക്കു് ഇതു നല്ല സജ്ജഷനല്ലെ? ഇതിനാ

LIBRARY ARCHIVES Kerala Legislative Assembly

(Mr. Puthur Achutha Menon)

ണ്ട് ഇനി ഗവമ്മെണ്ടു് ഒരുങ്ങേണ്ടതു്. താലൂക്കകമ്മിറ്റിയിൽ ഇതേ പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടു്. അങ്ങിനെയുള്ള പ്രായോഗികമായ വശം ഗവമ്മെണ്ടു് സ്വീകരിച്ചാൽ നന്നായിരുന്നു. ഈ താലൂക്കു് കമ്മിറ്റികളിൽ എം. എൽ. സി. മാരും കൂടിയുള്ളതാണു്. അതിന്റെ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തണം. അതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രി കർശനമായ ഒരു നിർദ്ദേശം കൊടുക്കുക. വാസ്തവത്തിൽ ഭക്ഷണകാര്യത്തേക്കാൾ കാര്യമായ ഒരു പരിഗണന ഇതിനു് കൊടുക്കണം. ഇതിനു് ഗവമ്മെണ്ടിൽനിന്നും ശരിയായ ഒരു മറുപടി കിട്ടാത്തതിൽ പരിതപിക്കുന്ന ഒരാളാണു് ഞാൻ. അതു കൊണ്ടു് മറുപടി കിട്ടണം. എനിക്കു് ഈ കാര്യത്തിൽ ഒരു അഭിപ്രായം പറയുവാനുള്ളതു് ഈ നാട്ടിലെ വസ്ത്രക്ഷാമം തീർക്കുവാനായിട്ടു് കല്ലടെക്സ്റ്റൈൽസ്സും, സീതാറാം മില്ലും ഗവമ്മെണ്ടു് ഏറ്റെടുത്തു് നടത്തണമെന്നുള്ളതാണു്. അങ്ങിനെ ചെയ്താൽ നമുക്കു വേണ്ട വസ്ത്രമുണ്ടാകുമെന്നു ഇതിനെപ്പറ്റി അറിയുന്നവർ പറയുന്നുണ്ടു്. ഈ നാട്ടിലെ വസ്ത്രക്ഷാമത്തെ പരിഹരിക്കുന്നതിനു് പരിശ്രമിക്കുന്ന ഒരു വക്താവുണ്ടെങ്കിൽ ഞാൻ പറയുന്ന അതു് ഈ നാട്ടിലെ ജന്മിയല്ല; മുതലാളിയല്ല; കച്ചവട പ്രതിനിധികളല്ല; അതു് ഈ രാജ്യത്തിലെ തൊഴിലാളികളാണെന്നു് അത്മാർത്ഥമായിട്ടു് വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. തൊഴിലാളികൾ പ്രവൃത്തിക്കാതിരിക്കുവാൻ വേണ്ടിയല്ല പണി മുടക്കുന്നതു്. അവർ പറയുന്നതു് തങ്ങൾക്കു വസ്ത്രക്ഷാമം തീർക്കുവാൻ പ്രവൃത്തിക്കുവാൻ തയ്യാറാണെന്നാണു്. അതിനു് അവർക്കു കാശു കിട്ടണം. കോയമ്പത്തൂർക്കു പോകുന്നതിനും കൂടി കമ്മീഷൻ വാങ്ങിക്കുന്ന മുതലാളിമാരുടെ മനസ്ഥിതിയെക്കുറിച്ചു്, എന്തു പറയുവാനാണു്. ആ വക സ്ഥാപനങ്ങൾ ഗവമ്മെണ്ടിനു് ഏറ്റെടുത്തു പ്രവർത്തിക്കുവാൻ സാധിക്കും എന്നു്! ഈ കമ്പനി മുതലാളിമാരും പറയുന്നുണ്ടു്. ഇങ്ങിനെ കമ്മീഷൻ വാങ്ങിച്ചും, മറ്റു പലവിധത്തിലും ആദായം ഉണ്ടാക്കുന്ന കമ്പനിക്കാർക്കു് യാതൊരു ആദായവും ഇല്ലെന്നു് ഇൻകംടാക്സു് സെയിൽസ്സു് ടാക്സ്സു് ആഫീസിൽനിന്നും കണക്കുകൾ സീൽവെച്ചു വാങ്ങിച്ചിട്ടുള്ളതായും അറിയുന്നുണ്ടു്. മൻപു് രണ്ടായിരവും, മൂവ്വായിരവും ഉറുപ്പിക ആദായത്തിനു് പാട്ടത്തിനു് കൊടുത്തിരുന്ന കമ്പനികളിൽ Income-tax കണക്ക പ്രകാരം ആദായമില്ലത്രെ! ഇങ്ങിനെയുള്ള Income-tax Dept. ആണു് ഇവിടെയുള്ളതെന്നും കൂടി പറയേണ്ടിയിരിക്കുന്നു! അതുംകൂടിയൊന്നു് പരിശോധിക്കണം. കണക്കിൽ എന്തോ ചില കുഴപ്പങ്ങളൊക്കെയുണ്ടു്. ഇതു് വളരെ ക്ഷണത്തിൽ മനസ്സിലാക്കാവുന്നതാണു്. ൩,൪൦൦ ഓട്ടണ്ടാക്കുന്ന ഒരു കമ്പനി ൧,൭൦൦ ഓടിനു് ഇ ക. യാണു് ചിലവുള്ളതെന്നു് അവരുടെ കൈകൊണ്ടെഴുതിയ കണക്കുണ്ടു്. ഓട്ടു് ഒന്നിനു വില്ക്കുന്നതു് ൧൨ ൪ ക. ക്കു് അങ്ങിനെയുള്ള കമ്പനികളുണ്ടു്. കണക്കു നോക്കുമ്പോൾ അങ്ങിനെയുള്ള കമ്പനികൾക്കു് ഒരു പൈപോലും ആദായമില്ല. മുതലാളി പോലും വന്നു് പണിയെടുക്കുന്നതു് ഒരുപൈപോലും ആദായം ഇല്ലാതെയാണു്. അങ്ങിനെയുള്ള കമ്പനികളിൽ യാതൊരു ആദായവും ഇല്ലെന്നു പറഞ്ഞുള്ള കണക്കു് ഇൻകംടാക്സുകാരെ കാണിച്ചു്, അപ്രകാരം ആദായമില്ലെന്നു പറഞ്ഞു് ഇൻകംടാക്സു് ആഫീസ്സിൽനിന്നും മുദ്രവെച്ചു് കൊടുത്തിരിക്കുന്നു. എന്തിനാണു് പറയുന്നു, അളകപ്പച്ചെട്ടിയാരും കൂടി ലാഭമില്ലെന്നു പറയുന്ന കാലമാണു്. ഇതു് ഗവമ്മെണ്ടിനു് പരിശോധിക്കുവാൻ സാധിക്കുമോ? ലാഭമില്ലാത്ത ഈ കമ്പനികൾ നല്ല പാട്ടത്തിനുതന്നെ ഗവമ്മെണ്ടു് ഏറ്റെടുത്തു നടത്താമോ?. അളകപ്പച്ചെട്ടിയാർക്കും, സീതാറാംകാർക്കും ഒരുപക്ഷെ ഇപ്പോഴും ആദായമില്ലെന്നു് പറഞ്ഞേക്കാം. പ്രധാനമായിട്ടു് നോക്കുകയാണെങ്കിൽ യുദ്ധത്തിനു് മുമ്പു് കിട്ടിയിരുന്നതിലും കൂടുതൽ ആദായം അവർക്കു കിട്ടുന്നുണ്ടു്. ഫാൻറ്റും കൺട്രോൾ ചെയ്യുന്ന കാര്യം അത്ര എളുപ്പമല്ല. അതു് കൺട്രോൾ ചെയ്യുവാൻ വിരോധമില്ല. പക്ഷെ നൂൽ കിട്ടണം. വില കുറയ്ക്കുവാൻ അവർക്കു് വിരോധമില്ല. അതു് കൊടുക്കുവാൻ സാധിക്കുമെങ്കിൽ ഈ ഒരു വഴിയുണ്ടു്. അതും പരീക്ഷിച്ചുനോക്കേണ്ടതായ ഒരു സംഗതിയാണു്. കമ്പനികൾക്കു് യാതൊരു ചുമതലയുമില്ല. അവർക്കു് ആദായം വാങ്ങിച്ചാൽ മതി.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതുംകൂടി ഫുഡു് ഡിപ്പാർട്ടുമെന്റിൽനിന്നു തന്നെ നോക്കേണ്ടതായിരുന്നില്ലേ?

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: ബഹുമാനപ്പെട്ട മെമ്പറിൽനിന്നും തക്കമുണ്ടാകുമെന്നു് എനിക്കറിയാം. പ്രായോഗികമായിട്ടു് നോക്കുകയാണെങ്കിൽ ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വിഷമമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. പക്ഷെ മുതലാളിമാർ ഇതിനെ എതിർക്കുമെന്ന് എനിക്കറിയാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തൊഴിലാളികൾ ഇതിനെ അനുകൂലിക്കുമെന്ന് എനിക്കറിയാം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ കാര്യം പരിശോധിക്കുവാൻ ഗവണ്മെണ്ടിന്ന് ഭയവുണ്ടാകണമെന്ന മാത്രമെ ഞാൻ പറയുന്നുള്ളൂ. പ്രായോഗികമായിട്ട് നോക്കുകയാണെങ്കിൽ വലിയ വിഷമമൊന്നും കാണുന്നില്ല. ഇപ്പോൾ Wholesale dealers-ന്ന് ചരക്ക് കിട്ടിയിട്ട് അവരാണ് Retailers-ന്ന കൊടുക്കുന്നത്. Wholesale dealers-ന്ന് ന്യായമായ ഒരു കമ്മീഷൻ കൊടുത്ത് ആ ചരക്കുകൾ ഗവണ്മെണ്ട് വാങ്ങിച്ചതിന്റെശേഷം Retailers-ന്ന് ഗവണ്മെണ്ട് നേരിട്ട കൊടുക്കണമെന്നുള്ളതാണ് എനിക്ക മറെറാരു നിർദ്ദേശം തരുവാനുള്ളത്.

പിന്നെ കൊപ്രാട്ടാ distribution നെപ്പററി പറഞ്ഞു. ഫെബ്രുവരി—മാർച്ച് ഈ കാലങ്ങളിലെ കണക്ക നോക്കീട്ടാണ് കൊപ്രാട്ട കൊടുത്തിരിക്കുന്നതെന്ന പറഞ്ഞു. അതു തെറാണ്. എന്റെകൂടെ വന്നാൽ അതു തെറാണെന്ന ഞാൻ കാണിച്ചുതരാം. മുമ്പ് രണ്ടുലക്ഷത്തിൽ ചിലപ്പാനം ഉറുപ്പികയുടെ കൊപ്രാട്ടാ കിട്ടിയിരുന്ന ആളുകൾക്ക് ഇപ്പോൾ മൂവ്വായിരം ഉറുപ്പികക്കുള്ള കൊപ്രാട്ടാ കിട്ടുന്നില്ല. മുമ്പ് അയ്യായിരം ഉറുപ്പികക്ക കിട്ടിയിരുന്നവക്ക് ഇരുന്നൂറിന്റെ ചരക്ക കിട്ടുന്നില്ല. മുമ്പ് അയ്യായിരമൊ രണ്ടായിരമൊ ഉറുപ്പിക്കയ്ക്ക ചരക്ക കിട്ടിയിരുന്നവക്ക് ചിലപ്പോൾ ആയിരം ഉറുപ്പികയുടേയൊ കൂടുതൽ ഉറുപ്പികയുടേയൊ ചരക്കേ കിട്ടുന്നുള്ളൂ. എന്നാൽ ചില സ്ഥലത്ത് കച്ചവടമുള്ള ആളുകൾക്ക് രണ്ടുമൂവ്വായിരം ഉറുപ്പികയുടെ കൂടുതൽ കൊപ്രാട്ട ചരക്കുകൾ കിട്ടും. ഈ വക കാര്യങ്ങൾക്ക് ഒരു പരിഹാരം കാണേണ്ടതാണ്. മകുന്ദപുരം താലൂക്കിലേക്കുള്ള കൊപ്രാട്ടാ വീതിച്ചതു് എന്തൊ ചില വിഷമങ്ങൾകൊണ്ട് ന്യായമല്ലാത്തവിധത്തിലായിരുന്നു. അതു ന്യായമായി കൊടുത്താൽ ഈ കുഴപ്പത്തിന്ന വലിയൊരു പരിഹാരമാകും. ഈ കാര്യങ്ങളുംകൂടി ശ്രദ്ധവെച്ച് പരിശോധിക്കേണ്ടതാണ്.

ഇനി സ്പെഷൽ പർമിററിനെപ്പററി പറയാം. രണ്ടു കാര്യങ്ങൾക്കുമാത്രമെ സ്പെഷൽ പർമിറുകൊടുക്കുവാൻപാടുള്ളൂ. അതായതു് വിവാഹത്തിന്നും മരണത്തിന്നും.മറെറുള്ള യാതൊരാവശ്യങ്ങൾക്കും കൊടുക്കുവാൻ പാടില്ല. ന്യായമായി ആവശ്യമുണ്ടെന്ന സർട്ടിഫൈ ചെയ്യുന്നവർക്കേ അതു് കൊടുക്കുവാൻ പാടുള്ളൂ. എസ്സ്. എൻ. ഡി പി. പ്രജാമണ്ഡലം മുതലായ സംഘടനകളിൽനിന്നൊ ഗവണ്മെണ്ടധികൃതന്മാരിൽനിന്നൊ ഈ ആവശ്യം പരമാർത്ഥമാണെന്ന സർട്ടിഫിക്കറു വാങ്ങി ഹാജരാക്കുന്നവർക്ക കൊടുക്കാമെന്ന തീർച്ചയാക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വിവാഹാനന്തരമുണ്ടാകുന്ന ജനനത്തിന്നുംകൂടി കൊടുക്കുവാൻ പാടില്ലേ?

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഞാൻ എന്റെ അഭിപ്രായമാണ് പറഞ്ഞതു്. ഇങ്ങിനെ ചില ചില്ലറ നിർദ്ദേശങ്ങളാണ് എനിക്ക ഗവണ്മെണ്ടിന്ന തരുവാനുള്ളതു്. എന്റെ പ്രസംഗം അധികം നീട്ടിക്കൊണ്ടുപോകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ വക കാര്യങ്ങൾ അതർഹിക്കുന്ന ഗൌരവത്തോടുകൂടി ഗവണ്മെണ്ട് വീക്ഷിക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സീതാറാം മിൽസ്, അളകപ്പാടെക്സ്റ്റയിൽസ് മുതലായതു് സർക്കാരിൽനിന്ന നേരിട്ടെടുത്തു് നടത്തേണ്ടതാണെന്നുള്ളതിനെപ്പററി എന്റെ ബഹുമാനപ്പെട്ട സുഹൃത്തു് പറഞ്ഞു.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, is this Government reply?

Mr. Puthur Achutha Menon *(Kattur)*: I wanted information on a point.

Mr. P. Govinda Menon *(Prime Minister)*: I am exercising my right as a member of this House.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I want to know whether this is the Government reply or supply of information on a certain point.

Mr. President: Order, order. There is no need to repeat the question. I have already grasped it.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ രണ്ടു വലിയ കമ്പനികളും എന്നല്ല മറ്റു സാധാരണ ഏതു കമ്പനികളും രാജ്യത്തിന്റെ ആവശ്യത്തിനുവേണ്ടി സർക്കാരിനു് എറെറടുത്തു നടത്തേണ്ട കാര്യമുണ്ടെങ്കിൽ സർക്കാരിൽനിന്നു് ഏറെറടുത്തു നടത്തുകതന്നെ ചെയ്യും. അതുകൊണ്ടു് രാജ്യത്തിനു ക്ഷേമമുണ്ടാകുമെങ്കിൽ അതു് ചെയ്യും. അതിനെക്കുറിച്ചു് അശേഷവും ഭയമില്ല. പക്ഷെ ഇന്നത്തെ വസ്തുക്ഷാമം മാറുവാനുള്ള പരിഹാരമായി അതു പ്രയോജനപ്പെടുകയില്ല. അതിനുള്ള കാരണം വസ്തുവിതരണപദ്ധതിയിൽ കൊച്ചീഗവർമ്മെണ്ടിനു് ഒരു മുക്തകനിലയില്ല. അതു് ഇൻഡ്യാഗവർമ്മെണ്ടിന്റെ jurisdiction-ലായിട്ടാണിരിക്കുന്നതു്. ടെക്സ്റ്റയിൽ കമ്മീഷണർ എന്ന ഉദ്യോഗസ്ഥൻ ഇൻഡ്യാഗവർമ്മെണ്ടിന്റെ ഉദ്യോഗസ്ഥനാണു്. കൊച്ചീഗവർമ്മെണ്ടിന്റെ ഉദ്യോഗസ്ഥൻ അല്ല. കൊച്ചീഗവർമ്മെണ്ടിലെ ഉദ്യോഗസ്ഥൻ അസിസ്റ്റാന്റു് ടെക്സ്റ്റയിൽ കമ്മീഷണരാണു്. അതായതു് അദ്ദേഹം ഇൻഡ്യാഗവർമ്മെണ്ടിന്റെ ടെക്സ്റ്റയിൽ കമ്മീഷണരുടെ അസിസ്റ്റൻറാണു്. ഇൻഡ്യയിൽ ഉണ്ടാക്കുന്ന വസ്ത്രങ്ങളും പുളനസരിച്ചു വിഭജിക്കുകയാണു് ചെയ്യുന്നതു്. ഇവിടെ നൂൽ അധികമായി എന്നുവെച്ചു് അതു മുഴുവൻ ഒരു പൂളിൽ പോകുകയാണു്. പിന്നീടു് അതു വിഭജിക്കുകയാണു് ചെയ്യുന്നതു്. ഇപ്പോൾ അളകപ്പ ടെക്സ്റ്റയിൽസിൽ നൂൽ അധികമുണ്ടെങ്കിൽ അതിൽ നമുക്കു് ഇത്രയെ എടുക്കുവാൻ പാടുള്ളു. ബാക്കിയുള്ളതു് ഇന്നയിന്ന സ്ഥലങ്ങളിലേക്കു കൊടുത്തുകൊള്ളണമെന്നുണ്ടു്. ഇൻഡ്യാഗവർമ്മെണ്ടിന്റെ ടെക്സ്റ്റയിൽഡിപ്പാർട്ടുമെണ്ടിന്റെ അലോക്കേഷൻ അനുസരിച്ചു് അതു് ഇന്നയിന്ന സ്ഥലങ്ങളിലേക്കു പോയിക്കൊള്ളണമെന്ന നിർദ്ദേശമുണ്ടു്. അതനുസരിച്ചു് അങ്ങോട്ടു പോകും. ഇൻഡ്യാഗവർമ്മെണ്ടും കൊച്ചീഗവർമ്മെണ്ടും ഒന്നിച്ചാണു് ഈകാര്യത്തിൽ പ്രവർത്തിക്കുന്നതു്. ഇവിടെ ഉണ്ടാകുന്ന നൂലിൽ ഒരു വാരപോലും എടുക്കുവാൻ നമുക്കധികാരമില്ല. ഈവക കാര്യത്തിൽ മുഴുവനും നാംഇന്ത്യാഗവർമ്മെണ്ടുമായി യോജിച്ചു പ്രവർത്തിക്കണം. അതിനാൽ സോഷ്യലിസ്റ്റ്കാര്യങ്ങളനുസരിച്ചു സീതാറാം അളകപ്പ ടെക്സ്റ്റയിൽസ് മുതലായ സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും കൊച്ചീഗവർമ്മേണ്ടോ മറ്റുഗവർമ്മേണ്ടുകളോ എറെറടുക്കുന്നതു് എത്രതന്നെ നല്ലതായിരുന്നാലും രാജ്യത്തിന്റെ ഈ ആവശ്യത്തിനു അതു് ഉപയോഗപ്പെടുകയില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സീതാറാം മില്ലിൽ ഉണ്ടാകുന്ന ചരക്കുകളും ഇപ്പോൾ കൊച്ചിരാജ്യത്തിനു പുറത്തു പോകുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സീതാറാംമിൽസിൽ ഉണ്ടാകുന്ന ചരക്കുകളിൽ കൊച്ചിക്കു ഇത്രയെന്നുണ്ടു്. അതിൽ കൂടുതലുണ്ടെങ്കിൽ പുറത്തേക്കുപോകും.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കുറവാണെങ്കിൽ മറ്റുള്ള സ്ഥലങ്ങളിൽനിന്നു കിട്ടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറവാണെങ്കിൽ കിട്ടും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇവിടെനിന്നു കൊടുക്കുന്നതനുസരിച്ചാണൊ പുറമെനിന്നു് കിട്ടുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു ജനറൽ പൂളുണ്ടു്. അതനുസരിച്ചാണു് വീതിക്കുന്നതു്. അഹമ്മദുബാദ്, കോയമ്പത്തൂർ മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്ന വസ്ത്രങ്ങൾക്കു് ഒന്നിച്ചു് ഒരു കണക്കുകൊടുക്കും. അതാണു് ജനറൽ പൂൾ. അതിൽനിന്നും ഇൻഡ്യൻ നേഷന്റെ സ്റ്റർളിംഗ്പോളിസിയനുസരിച്ചു് കുറെ പുറംരാജ്യങ്ങളിലേക്കു് അയക്കും. ബാക്കിയുള്ളതു് ഓരോ രാജ്യങ്ങൾക്കുമായിട്ടു വീതിക്കും.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: മറെറാരുകാര്യത്തിനുകൂടി മറുപടി പറഞ്ഞാൽ കൊള്ളാം. ഗവർമ്മെണ്ടിനുതന്നെ ഏജൻറായി ആക്ടു ചെയ്യുവാൻ സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. P. Kumaran Ezhuthassan: (*Vadakkancheri*): Government reply is over. I move that the motion be put. 4 members of the Ministerialist section have offered suggestions.

Mr. P. Govinda Menon: (*Prime-Minister*): Government reply is not over.

Mr. P. Kumaran Ezhuthassan: (*Vadakkancheri*): Where do we stand, Sir, I should like to know. That is why I intercepted to know whether it was Government reply or the trick of the ministerialist bench.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon (*Prime-Minister*): It is Government reply.

Mr. P. Kumaran Ezhuthassan (*Vadakkancheri*): That is over now. I move that the motion be put. I move a closure of the debate. 4 members of the Ministerialist benches have offered suggestions. I want the Chair to apply closure to this debate.

Mr. M. K. Raja. (*Mulakunnathukavu*): I was just on my legs, Sir. I have a right to offer my views.

Mr. P. Kumaran Ezhuthassan. (*Vadakkancheri*): You oppose the closure motion then. I demand a closure on principle, even when I know that a member like Mr. Raja wants to speak. Time is being lost, Sir, precious time.

Mr. President: I hope the Hon'ble Member will realise it himself.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Yes Sir. I am putting the question. Poll, Sir.

AYES

1. Mr. P. Kumaran Ezhuthassan
2. Mr. Parambi Lonappen

NOES

1. Mr. K. Kochukuttan
2. Mr. K. K. Kannan
3. Mr. K. S. Panicker
4. Mr. Natarajan Chettiar
5. Mr. Thevanna Gounder
6. Mr. K. I. Velayudhan
7. Mr. K. T. Achuthan
8. Mr. K. R. Ramakrishnan
9. Mr. M. K. Raja
10. Mr. P. T. Jacob
11. Mr. P. K. Paul
12. Mr. Sankara Menon
13. Mr. V. R. Krishnan Ezhuthassan
14. Mr. Puthur Achutha Menon
15. Mr. P. A. Mani
16. Mr. C. S. Panicker
17. Mr. M. I. Paul
18. Mr. P. Govinda Menon
19. Rao Bahadur T. K. Nayar
20. Mr. C. R. Iyyunni
21. Mr. K. Ayyappan
22. Rao Sahib A. Madhava Prabhu
23. Mr. K. S. Raghavan
24. Mr. M. Sivarama Menon
25. Mr. K. Govinda Menon

2 for and 25 against. Motion for closure of the debate is lost.

മിസ്റ്റർ എം. കെ. രാജ: സർ, ഈ പ്രധാനമായ അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിന്റെ ഏതാണ്ട് അന്ത്യഘട്ടത്തിൽ, വാദപ്രതിവാദം എങ്ങിനെയെങ്കിലും അവസാനിപ്പിക്കുവാനായി ഇതിന്റെ അവതാരകൻ അത്യധികം വെമ്പൽകൊള്ളുന്ന ഈ സന്ദർഭത്തിലെങ്കിലും, ഇതിൽ ഒരു രണ്ടു മിനിട്ടു സമയം എങ്കിലും പങ്കെടുക്കുവാൻ സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഉദ്ദേശസാദ്ധ്യത്തിന്നുവേണ്ടി, എന്നുപറഞ്ഞാൽ തൃപ്തിയായിരുന്നു.

മിസ്റ്റർ എം. കെ. രാജ: എന്തുകൊണ്ടെന്നാൽ നമ്മുടെ പൊതുജനങ്ങളേയും പൊതുജനാഭിപ്രായത്തെ പൊതുവേയും ഇത്രയധികം വിക്ഷുബ്ധമാക്കുന്ന പ്രശ്നം വേറെയുണ്ടെന്ന് തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ശ്രീമാൻ, ശ്രീമാൻ.

*മിസ്റ്റർ എം. കെ. രാജ: ഇത്രയും പ്രധാനമായകാര്യം ഒരു അടിയന്തിരപ്രമേയംവഴി സഭയുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ശ്രമിച്ച ശ്രീമാൻ കുമാരനെഴത്തശ്ശൻ അവർകളെ ഞാൻ അഭിനന്ദിക്കുന്നു. ആക്കും പ്രസംഗിക്കുവാൻ എത്രയും ആവേശം ഉണ്ടാക്കുന്ന ഒരു സംഗതിയാണിതു്. സ്വതേ ആവേശത്തോടുകൂടി പ്രസംഗിക്കുന്ന അദ്ദേഹത്തെ ഒരു ചെറിയ പ്രസംഗംചെയ്തു നിവർത്തിയതിൽ എനിക്ക് അദ്ദേഹത്തോടു പ്രത്യേകം നന്ദി പറയേണ്ടതുണ്ട്.

എന്തുകൊണ്ടെന്നാൽ, ടെക്സ്റ്റയിൽസ് വകുപ്പിനെപ്പോലെ ഇത്രയും അനീതിയായും, അന്യായമായും, അനാശാസ്യമായും ഉള്ള നിലയിൽ നടത്തിവരുന്ന ഒരു ഡിപ്പാർട്ട്മെണ്ട് ഇന്നു കൊച്ചീരാജ്യത്തുണ്ടോ എന്ന് എനിയ്ക്ക് സംശയംതോന്നുന്നു. ഇപ്പോൾ ബഹു. റവന്യൂ മന്ത്രിയാണ് ഈ വകുപ്പ് ഏറെറടുത്തിട്ടുള്ളതു്. അദ്ദേഹത്തിന്റെകീഴിൽ ഇതും ഇതുപോലെ അപകടംപിടിച്ച വേറെ വകുപ്പുകളും ഉണ്ടായിരിയ്ക്കാം. എങ്കിലും എനിയ്ക്കു തോന്നു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

ന്നതു്, കഴപ്പത്തിന്റെ മാനദണ്ഡം വെച്ചുനോക്കുകയാണെങ്കിൽ ഇന്നു പ്രധാന സ്ഥാനം ടെക്സ്റ്റൈൽസുവകുപ്പിനു കൊടുക്കണമെന്നാണു്. കൊച്ചിരാജ്യത്തെ സംബന്ധിച്ചിടത്തോളം, ഇവിടത്തെ കൺട്രോൾ പ്രവർത്തനത്തിന്നു വളരെ നല്ല ഒരു പാരമ്പര്യവും പ്രശസ്തിയുമുണ്ടു്. ഞാൻ ഈയിടെ പത്രങ്ങളിൽനിന്നു മനസ്സിലാക്കിയതു് സ്വരാഷ്ട്രസംഘടനയിൽപോലും ഇന്ത്യയെ സംബന്ധിച്ചു പൊതുവേയും, ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെസംബന്ധിച്ചു പ്രത്യേകിച്ചും, വളരെ തൃപ്തികരമായ ഒരഭിപ്രായമാണുള്ളതു് എന്നാണു്. കൊച്ചിയെ സംബന്ധിച്ചു് എനിയ്ക്കു് അറിയാൻ സാധിച്ചിടത്തോളം ഇന്ത്യാഗവർമ്മെണ്ടിനും നമ്മുടെ വിതരണസമ്പ്രദായത്തിൽ വളരെ തൃപ്തിയാണുള്ളതു്. എന്നാൽ ടെക്സ്റ്റൈയിൽസുവകുപ്പിലെ തത്പരകക്ഷികൾ മുൻനിന്നിയാണു് ഈ വകുപ്പു് പ്രവർത്തിച്ചുവന്നിട്ടുള്ളതു് എന്നുള്ളതു് ഇനിയും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. പരസ്പരം കുറെങ്കിലും കൈമാറുകയും, പരസ്പരം പ്രസംഗശരങ്ങൾ എടുത്തു തൊടുക്കുകയും ചെയ്യാതെ ശാസ്ത്രീയമായ നിലയിൽ, നിഷ്പക്ഷമായ നിലയിൽ ഈ വകുപ്പിനെക്കുറിച്ചു് ഈ സഭ ആലോചിക്കേണ്ട സമയം വൈകിയിരിക്കുന്നു എന്ന നിലയിലാണു് നാമിന്നു്. (ഹിയർ, ഹിയർ)

Mr. P. Kumaran Ezhuthassan (*Vadakkancheri*): You deserve it, Sir, though ironical at times. It is my privilege.

Mr. President: The Hon'ble member has no right to abuse that privilege.

മിസ്റ്റർ എം. കെ. രാജ: ഒന്നരണ്ടു കാര്യങ്ങൾ ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ടു്. ഒന്നാമതു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ നമ്മുടെ നിയന്ത്രണത്തിൽ പെടാത്ത സാഹചര്യനിമിത്തമായ ചില കാരണങ്ങൾ ഉണ്ടു്. അവയുടെ നിർബ്ബന്ധംകൊണ്ടു്, അവയുടെ പ്രേരണകൊണ്ടു്, ചില വിഷമങ്ങളിൽ നാം കിടന്നു ഞെരുങ്ങുകയാണു്. ആ നിലയിൽ ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനങ്ങളെല്ലാം നാം വിചാരിച്ചുവിധം ഒരു ഗവർമ്മെണ്ടിനും നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. ഈ പശ്ചാത്തലത്തിൽനിന്നു നോക്കുമ്പോൾ ഈ വകുപ്പു നമ്മുടെ നാട്ടിൽ മുമ്പുതന്നെ പ്രശസ്തിനേടിയിട്ടുള്ള മറെറാരു വകുപ്പധ്യക്ഷന്റെ കയ്യിലേയ്ക്കു വിട്ടുകൊടുത്തതിൽ ഞാൻ ഗവർമ്മെണ്ടിനെ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്.

സമയം വളരെ കുറച്ചു ള്ളതുകൊണ്ടു് ഒന്നരണ്ടു കാര്യങ്ങളെ സംബന്ധിച്ചു മാത്രമെ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. നോർമൽട്രേഡു് ചാനലിനെ ഡിസ്റ്റർബ്ബു് ചെയ്യരുതു് എന്നു പറയാവുണ്ടു്. ഞാൻ ബസ്സു സർവ്വീസിനെ സംബന്ധിച്ചു പറയുമ്പോൾ ബഹുമാനപ്പെട്ട അഭ്യന്തരകാര്യമന്ത്രി ഹെൽത്തി കോമ്പിറേഷൻ വേണമെന്നു പറയാവുണ്ടു്. അതിന്മേൽ പിടിച്ചു തൂങ്ങിക്കൊണ്ടു്, അതിനപ്പുറം കടക്കാൻ നിവർത്തിയില്ലാത്ത ഒരു നിസ്സഹായാവസ്ഥ സൃഷ്ടിച്ചുകാണുന്നതു് സങ്കടകരമാണു്. നോർമൽ ട്രേഡു ചാനലിനെ സംബന്ധിച്ചു് എനിക്കു മനസ്സിലാക്കുവാൻസാധിച്ചതു്, ൧൯൪൫-൪൬ ആ കാലങ്ങളിൽ ഇന്ത്യാഗവർമ്മെണ്ടു്, മുതലാളിത്വത്തെ രക്ഷിയ്ക്കാൻ ചില വ്യവസ്ഥകൾ ചെയ്തുവെച്ചിട്ടുണ്ടു്. കൊച്ചിയിലും അന്നു ചില വ്യക്തിപ്രഭാവത്തിന്റെ നിസ്സഹായനിലയെ, സാമ്പത്തികമായി വളരെ അധികം കെല്പുള്ള ഒരുകൂട്ടംവ്യക്തികളുടെ പരിഭ്രാന്തമായനിലയെ പരിരക്ഷിക്കാൻ നോർമൽട്രേഡു ചാനലിനെ പരിരക്ഷിയ്ക്കണമെന്നു് എഴുതിവച്ചിട്ടുണ്ടു്. എന്നാൽ ഇന്നു് ഇന്ത്യാഗവർമ്മെണ്ടിനോടു് തക്കതായവിധത്തിൽ നിവേദനംനടത്തിയാൽ ഇതിനെപ്പററി പുനരാലോചനചെയ്യുന്നതായിരിക്കും. വ്യക്തിപ്രഭാവത്തിന്റെപേരിൽ പല ഷാപ്പുകൾക്കും തുണികാട്ട കൊടുത്തിട്ടുണ്ടെങ്കിൽ അതു റദ്ദാക്കുവാൻ തയ്യാറുണ്ടോ എന്നാണു് ചോദിക്കുന്നതു്. ൧൯൪൫-൪൬കൊല്ലങ്ങളിൽ തുണിക്കച്ചവടവുമായി യാതൊരു ബന്ധവുമില്ലാത്തവർക്കു് തുണികാട്ട കൊടുത്തിട്ടുണ്ടെങ്കിൽ അതു് കാൻസൽചെയ്തു് പുതിയ ലൈസൻസ്സു് ഷാപ്പുകൾ തുടങ്ങാൻ ഗവർമ്മെണ്ടു് തയാറാകുമോ എന്നാണറിയേണ്ടതു്. നമുക്കുകിട്ടുന്ന കാട്ടയെസംബന്ധിച്ചിടത്തോളം ഒരു കാര്യംകൂടി അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

Mr. President: The non-Ministerialist side desire that official business left over to-day may be taken up tomorrow, that is Saturday. What is the suggestion from the Minsterialist side?

Mr. Puthur Achutha Menon (*Kattur*): Sir, there are so many important resolutions. One non-official day has already been lost. So we would like to have discussion on at least a few resolutions.

Mr. P. Govinda Menon (*Prime Minister*): Sir, Government are prepared to accept the decision of the House in the matter.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I want to yield my right of having a non-official day especially because the Criminal Law Amendment Bill which is absolutely necessary.....

Mr. President: Order, order. This is not a matter for discussion.

Mr. M. K. Raja *(Mulankunnathukavu)*: Sir, since we have conceded the right of the Ministerialist side, I would like to say that the Hon'ble Member who has been showing much concern for the non-official business, it is surprising to see how he has converted.

Mr. President: Yesterday there was no difference of opinion on this matter. Hence the desire expressed by the House was followed. Today I find that there is much difference of opinion. One party is holding one view and the other party quite another view. Hence I think we will stick to the Agenda as it is. That is, Saturday will be set apart for non-official business.

The House rose for the day at 5-30 p.m.

P. NARAYANA SWAMI
Secretary to Council

LIBRARY ARCHIVES Kerala Legislative Assembly